# അക്കാദമിക മാസ്റ്റർപ്ലാൻ

ജി.എൽ.പി.എസ് വരക്കടവ്

2025-26

# ജി. എൽ. പി. സ്കൂൾ
# മരക്കടവ്

## പ്രാഥമിക വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ സ്ഥാപിച്ച വർഷം | : | 1954 |
| ജില്ല | : | വയനാട് |
| വിദ്യാഭ്യാസ ഉപജില്ല | : | സുൽത്താൻ ബത്തേരി |
| മേൽവിലാസം | : | കബനിഗിരി (PO)<br>മരക്കടവ്, വയനാട്<br>ഫോൺ : |
| സ്കൂൾ കോഡ് | : | 15321 |
| ക്ലാസ് | ; | 1 മുതൽ 4 വരെ |
| ബ്ലോക്ക് | : | പനമരം |
| പഞ്ചായത്ത് | : | മുള്ളൻകൊല്ലി |
| ഇ മെയിൽ അഡ്രസ് | : | Glpsmarakkadavu@gmail.com |

# ആമുഖം

കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും പുരോഗതിക്കുമായി സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന നവകേരള മിഷന്റെ ഭാഗമായുള്ള ഏറ്റവും പ്രാധാന്യപ്പെട്ട ഒരു പ്രവർത്തനമേഖലയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അക്കാദമിക മികവായിരിക്കണം വിദ്യാലയത്തിന്റെ മികവ് എന്ന അടിസ്ഥാന ആശയമാണ് വിദ്യാലയ വികസന പദ്ധതികളുടെ രൂപരേഖയായി സ്വീകരിക്കപ്പെട്ടിട്ടുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സ്കൂൾ വിദ്യാഭ്യാസനിലവാരത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. കിഫ്ബി പങ്കെടുത്ത അടിസ്ഥാനസൗകര്യ പദ്ധതികൾ, കൈറ്റ് നടപ്പിലാക്കിയ ഡിജിറ്റലൈസേഷൻ സംരംഭങ്ങൾ, സ്മാർട്ട് ക്ലാസ്റൂമുകൾ തുടങ്ങിയവ ഭൗതികതലത്തിലുള്ള ഗുണനിലവാരം മെച്ചപ്പെടുത്തിട്ടുണ്ടെങ്കിലും, അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ഇതിനായി ആരംഭിക്കുന്ന ഒരു പുതിയ സംരംഭമാണ് സമഗ്ര ഗുണമേന്മാ പദ്ധതി.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ പൊതുജനപങ്കാളിത്തം കൂടി ഉപയോഗപ്പെടുത്തിയുള്ള സമഗ്രമായ വികസനത്തിനുള്ള പരിശ്രമങ്ങളാണ് വിദ്യാലയങ്ങളിൽ ഇന്ന് നടക്കേണ്ടത്. അതിനാവശ്യമായ വിശദമായ കർമ്മപദ്ധതികൾ ഉൾക്കൊള്ളുന്ന സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന പൂർണ്ണമായ അക്കാദമിക മികവിലേക്ക് വിദ്യാലയത്തെ നയിക്കുന്ന സമഗ്രമായ മാർഗരേഖ എന്ന നിലയിലാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# കാഴ്ചപ്പാട്

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂന്നി കുട്ടിയെ സ്വയം പര്യാപ്തതയിലേക്കും ജീവിതവിജയത്തിലേക്കും നയിക്കുന്ന ആരോഗ്യപൂർണമായ അന്തരീക്ഷത്തിലൂടെ മെച്ചപ്പെട്ട പഠനം.

# ചരിത്രം

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ IV ാം വാർഡിൽ മരക്കടവ് എന്ന ഗ്രാമത്തിലാണ് ജി. എൽ. പി എസ് മരക്കടവ് സ്കൂൾ സ്ഥിതിചെയ്യുന്നത്. പുൽപ്പള്ളി മേഖലയിലെ ആദ്യവിദ്യാലയംകൂടി ആണിത്. 1954 ൽ കബനിപ്പുഴയുടെ തീരത്ത് ഒരു താത്കാലിക ഷെഡ്ഡിൽ ആണ് സ്കൂൾ ആരംഭിച്ചത്. ശ്രീമാൻ വർക്കി പുരക്കോട്ടം സംഭാവനയായി നൽകിയ ഒരേക്കർ സ്ഥലത്താണ് നിലവിൽ സ്കൂൾ സ്ഥിതിചെയ്യുന്നത്. ശ്രീ ജോൺ മാസ്റ്റർ ആയിരുന്നു ആദ്യ പ്രധാനാധ്യാപകൻ.

പ്രീപ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെയാണ് ഇവിടെയുള്ളത്. അതൈ കുട്ടികളാണ് ഇപ്പോൾ വിദ്യാലയത്തിലുള്ളത്. 2012ൽ ആണ് പ്രീ-പ്രൈമറിക്ക് സർക്കാർ അംഗീകാരം ലഭിച്ചത്.

6 അധ്യാപകരും (മെന്റർ, നഴ്സറി) ഉൾപ്പെടെ ഒരു PTCM 1 കിച്ചൺ വർക്കറും ഉൾപ്പെടെ 8 ആളുകളാണ് ഇവിടെ ജോലി ചെയ്യുന്നത്. ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചുപോയ നിരവധി വിദ്യാർത്ഥികൾ ഇന്ന് ഉന്നത പദവി അലങ്കരിക്കുന്നവരാണ്.

## വിദ്യാലയപ്രവർത്തനങ്ങൾ

കുട്ടികളുടെ സമഗ്രമായ വികാസത്തിന് ഉതകുന്ന തരത്തിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നുവരുന്നു. പഠനത്തോടൊപ്പം വിവിധങ്ങളായ അനുബന്ധപ്രവർത്തനങ്ങൾക്കും അവസരമൊരുക്കുന്നുണ്ട്. ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠനസന്ദർഭങ്ങളായി തന്നെ പരിഗണിക്കപ്പെടുന്നു. കമ്പ്യൂട്ടർ പഠനം, ശുചിത്വസംരക്ഷണം, മെച്ചപ്പെട്ട ഉച്ചഭക്ഷണം, പ്രവൃത്തിപരിചയ പരിശീലനം, വിവിധ ക്ലബ് പ്രവർത്തനങ്ങൾ, കലാകായിക പരിശീലനങ്ങൾ, പഠനയാത്രകൾ, വിദ്യാരംഗം കലാസാഹിത്യവേദി, ശാസ്ത്രപഠനക്ലബുകൾ തുടങ്ങിയവ നടന്നുവരുന്ന പ്രവർത്തനങ്ങളിൽ ചിലതാണ്.

## വിദ്യാലയപരിമിതികൾ

(1) പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ ഇടപെടലുകളും സഹായവും കുട്ടികൾക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല.

(2) സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ദളിത/ഗോത്ര വിഭാഗങ്ങളിലുള്ള കുട്ടികളാണ് കൂടുതൽ.

(3) ശാസ്ത്ര പരീക്ഷണങ്ങൾ എല്ലാ കുട്ടികൾക്കും ചെയ്യാനുള്ള ഗണിത/ശാസ്ത്രലാബ് ഇല്ല.

(4) നഴ്സറി കെട്ടിടം സ്കൂളിന്റെ സ്റ്റേജിൽ പ്രവർത്തിക്കുന്നതിനാൽ കുട്ടികൾക്കോ/ഒരു പൊതു പരിപാടിക്കും സ്റ്റേജ് ഇല്ല.

(5) പഴയ രീതിയിലുള്ള ഫർണിച്ചറുകളാണ് ഇവിടെ ഉള്ളത്.

(6) ഒന്നാം ക്ലാസ് കുട്ടികളെ ആകർഷിക്കാത്ത രീതിയിലുള്ള ക്ലാസ്മുറിയിലാക്കിയിരുന്നു. പുതിയ HM ബിജുമാഷിന്റെ നേതൃത്വത്തിൽ ക്ലാസ് മുറി പെയിന്റടിച്ചു ചിത്രങ്ങൾ വരച്ച് മനോഹരമാക്കി.

# പൊതുലക്ഷ്യങ്ങൾ

(1) പ്രീ-പ്രൈമറി മുതൽ IV ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് മികച്ച പഠനനിലവാരം ഉറപ്പുനൽകുന്ന വിദ്യാഭ്യാസാന്തരീക്ഷം ഉറപ്പുവരുത്തുക

2. കുട്ടികളുടെ കഴിവുകൾ കേവല പഠനവിഷയങ്ങളിൽ ഒതുങ്ങാതെ സർഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സർവ്വതോവികസനം ലക്ഷ്യമാക്കുക.

3. സ്കൂളിലെത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസിൽ ആർജ്ജിക്കേണ്ട നിർദ്ദിഷ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

4 കുട്ടികളിൽ മതനിരപേക്ഷത, ജനാധിപത്യബോധം, സഹകരണ മനോഭാവം, ശുചിത്വബോധം, പാരിസ്ഥിതിക ബോധം, മാനവികമൂല്യങ്ങൾ എന്നിവ ഉണർത്തുകയും വളർത്തുകയും ചെയ്യുക.

5. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പഠനം ഉറപ്പുവരുത്തുക

6 പഠനകാര്യങ്ങളിൽ രക്ഷിതാക്കൾക്കുള്ള സ്ഥാനവും ചുമതലയും മനസിലാക്കുക

7. മുഴുവൻ ക്ലാസിലെയും കുട്ടികൾ അടിസ്ഥാന ഗണിതാശയങ്ങൾ സ്വായത്തമാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക

8. വിദ്യാലയവും ചുറ്റുപാടും തന്നെ ഒരു പഠനോദ്യാനമായും പാഠപുസ്തകമായും പരിഗണിക്കാൻ കഴിയുക.

9. ശിശുകേന്ദ്രീകൃതമായ വിദ്യാഭ്യാസ പദ്ധതി മാതൃകാപരമായി നടപ്പിലാക്കുക.

അനുബന്ധം 3 മുതൽ 13 വരെ സ്കൂളിൽ ഒരു മണിക്കൂർ ചെയ്യേണ്ട പ്രവർത്തനങ്ങൾ,

03/06/2025 – പൊതുവിഷയങ്ങൾ

04/06/2025 – റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ

05/06/2025 – വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ് സ്കൂൾ സൗന്ദര്യവത്കരണം

09/06/2025 – ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം

10/06/2025 – ഡിജിറ്റൽ അച്ചടക്കം

11/06/2025 – പൊതുമുതൽ സംരക്ഷണം, നിയമബോധം, കാലാവസ്ഥ മുൻകരുതൽ

# സമഗ്ര ഗുണമേന്മ പദ്ധതി

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പല പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഓരോ ക്ലാസിലും കുട്ടി നേടേണ്ട അറിവും കഴിവും അതാത് ക്ലാസിൽ വെച്ചു തന്നെ നേടി എന്ന് ഉറപ്പാക്കുക, എന്നത് സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമാണ്. ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞു കൊണ്ട് അതത് അവസരങ്ങളിൽ ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ അധ്യയന വർഷം എൽ. പി, യു. പി, ഹൈസ്കൂൾ കുട്ടികൾക്ക് പ്രാരംഭ ഘട്ടത്തിൽ ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്.

12/06/2025 – പരസ്പരസഹകരണത്തിന്റെ പ്രാധാന്യം

13/06/2025 – പൊതുക്രോഡീകരണം

ഇടങ്ങിയ ആശയങ്ങൾ പല്ലോ ആശയങ്ങളിലും നൽകുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

(1) <u>അക്ഷരമധുരം</u>

നമ്മുടെ മാതൃഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ അറിഞ്ഞിരിക്കാനും അഭിമാനബോധത്തോടെ അവയെ സ്വീകരിക്കാനും കഴിയുന്ന വിധത്തിൽ ഭാഷാപാഠങ്ങളെ സർഗാത്മകമാക്കാനുള്ള പ്രവർത്തന പദ്ധതികളാണ് ഈ പദ്ധതിയിലൂടെ മുന്നോട്ട് വയ്ക്കുന്നത്.

(1) മലയാളഭാഷയിൽ ശ്രവണം, ഭാഷണം വായന, ലേഖനം എന്നീ അടിസ്ഥാനശേഷികൾ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക.

(2) പ്രഭാത അസംബ്ലിയിൽ പത്രവായന, കവിതാവതരണം, ഡയറി വായന, പ്രസംഗം എന്നിവ ഉൾപ്പെടുത്തി കുട്ടികൾക്ക് ആത്മവിശ്വാസത്തോടെയുള്ള ആശയവിനിമയത്തിന് ഊന്നൽ നൽകുക.

(3) സ്വന്തം സർഗരചനകൾ, കഥ, കവിത, ചിത്രം തുടങ്ങിയവ നടത്താനുള്ള അവസരങ്ങൾ ഒരുക്കുക.

(4). ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠനോപാധികളാക്കി പതിപ്പ് നിർമാണം, പോസ്റ്റർ തയ്യാറാക്കൽ, അനുസ്മരണ പ്രസംഗം, കഥാപാത്രങ്ങൾ അനുകരിക്കൽ തുടങ്ങിയവ

(5) സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ഗ്രാമീണ ലൈബ്രറി എന്നിവയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ നല്ല വായനാശീലം, ഭാഷാശേഷി, ഭാഷാശുദ്ധി എന്നിവ കുട്ടികളിൽ വളർത്തുക.

6. കയ്യെഴുത്ത് മാസികകൾ, വാർഷിക അച്ചടി മാസിക എന്നിവ കുട്ടികളുടെ രചനകൾ സമാഹരിച്ച് തയ്യാറാക്കുക.

7 സ്വന്തം ആശയങ്ങളെ സ്വതന്ത്രവും നിർഭയവുമായി വാചികവും ലിഖിതവുമായി അവതരിപ്പി

ഞാനെന്ന കഴിവും ആത്മവിശ്വാസവും ഓരോ കുട്ടിയിലും ഉണ്ടാക്കിയെടുക്കുക.

## പ്രവർത്തനങ്ങൾ

(1) വായനയിലേക്ക്

- പുസ്തകശാല: വായനാവാരത്തിൽ കുട്ടികൾ, രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി പുസ്തകശാല നടത്തൽ. സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമാഹരിക്കൽ.

- വായനാപതിപ്പ്: വായനയുമായി ബന്ധപ്പെട്ട് കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ രചനകൾ ഉൾപ്പെടുത്തി വായനാപതിപ്പ്.

(2) നാടകപഠനം

- പാഠഭാഗങ്ങളുടെ നാടകാവിഷ്കാരം സ്വന്തമായി അവതരിപ്പിക്കൽ

- നാടകത്തെ ക്ലാസ്റൂം പഠനത്തിനുള്ള പ്രയോഗ ഉപാധിയാക്കാവുന്ന തരത്തിൽ പാഠഭാഗങ്ങളെ നാടകമാക്കാൻ കഴിയുന്ന പരിശീലനകളരി

- നാടകക്കളരികൾ, സ്കിറ്റുകൾ, ഏകാഭിനയം എന്നിവയിൽ വിദഗ്ധരുടെ പരിശീലനം കുട്ടികൾക്ക് ലഭ്യമാക്കൽ.

(3) ചിത്ര-ചരിത്ര ഗ്യാലറി

- പാഠപുസ്തകത്തിൽ പരിചയപ്പെട്ട കവികൾ, സാഹിത്യകാരന്മാർ എന്നിവർക്കൊപ്പം മറ്റ് എഴുത്തുകാരുടെയോ ചിത്രങ്ങൾ ജീവചരിത്രക്കുറിപ്പുകൾ എന്നിവ ഉൾക്കൊള്ളിച്ച് ക്ലാസ് റൂമിലോ, പ്രത്യേക സ്ഥലങ്ങളോ ഒരുക്കുന്ന ഗ്യാലറി ചിത്രങ്ങൾ, കൃതികൾ മുതലായവ

(4) കോലുമിഠായി

കുട്ടികളിൽ സ്നേഹം, സഹകരണം, അനുകമ്പ മാനവിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കുന്ന വിധത്തിലുള്ള കുട്ടികളുടെ സിനിമകൾ സ്മാർട്ട് റൂമിൽ വെച്ച് കാണിക്കൽ ചർച്ച, കുറിപ്പെഴുതൽ

2. ലേൺ ഇംഗ്ലീഷ് ചാറ്റ് ഇംഗ്ലീഷ്

ഇംഗ്ലീഷിന്റെ പ്രാധാന്യത്തിൽ ഊന്നിക്കൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ വികസനം ഇന്ന് പൊതുസമൂഹം അളക്കുന്നത്. ഇംഗ്ലീഷ് എല്ലാവർക്കും നന്നായി ഉപയോഗിക്കാവുന്ന സ്ഥിതി പൊതുവിദ്യാലയങ്ങളിൽ കൂടി ഉണ്ടാകുന്ന തരത്തിൽ ഇംഗ്ലീഷ് പഠനത്തെ ശക്തീകരണം ചെയ്യേണ്ടതുണ്ട്.

അതിനായുള്ള പ്രവർത്തനങ്ങളാണ് താഴെ കൊടുക്കുന്നത്.

## ഉദ്ദേശ്യങ്ങൾ

(1) ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി ആശയ വിനിമയം സാധ്യമാക്കുക.

(2) ഇംഗ്ലീഷ് പദാവലി പോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ ഒരുക്കുക.

## പ്രവർത്തനങ്ങൾ

(1) Build up Vocabulary

കുട്ടികളുടെ പദസമ്പത്ത് വികസിപ്പിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ

— 'A word a day': ദിവസവും ഓരോ പുതിയ ഇംഗ്ലീഷ് വാക്കുകൾ Bullettin Board il പരിചയപ്പെടുത്തൽ

— 'English Assembly': ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തൽ English news reading, Simple speech, diary reading etc.

## 2. English Fest

- Skits
- News paper making
- Spelling Games
- Story, poems writing

## ഗണിതം മധുരം (ഗണിതം)

കുട്ടികൾക്ക് ഏറെ പ്രയാസമുള്ള വിഷയമായി സാധാരണ പറയപ്പെടുന്ന വിഷയമാണ് ഗണിതം. പഠനരീതി, പാഠപുസ്തകം എന്നിവയിലുണ്ടായിട്ടുള്ള മാറ്റങ്ങളിലൂടെ ഗണിതത്തോടു കൂടുതൽ കുട്ടികളിൽ താത്പര്യം വളർത്താൻ പുതിയ പാഠ്യപദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഗണിതാശയങ്ങൾ പ്രയാസകരമായി കാണുന്ന കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ട്. അവരെക്കൂടി പരിഗണിച്ച് മുന്നിലെത്തിക്കാനുതകുന്ന പ്രവർത്തന പദ്ധതികളാണ് ഇതിനായി വേണ്ടത്.

### ലക്ഷ്യങ്ങൾ

1 ഗണിതപഠനത്തിലും പ്രയോഗത്തിലും താത്പര്യവും ആത്മവിശ്വാസവും വളർത്തുക.

2. ഗണിതാശയങ്ങൾ പ്രായോഗിക ജീവിതത്തിൽ പ്രശ്നം നിർദ്ധാരണം ചെയ്യാനുള്ള പരിശീലനസന്ദർഭങ്ങൾ ഉണ്ടാകുന്നു.

3. ചതുഷ്ക്രിയകൾ, മനക്കണക്കുകൾ എന്നിവയിൽ ശേഷി വളർത്താനുള്ള സന്ദർഭങ്ങൾ വളർത്തുക.

(1) ഗണിതം മധുരം

(1) ഗണിത കുസൃതികൾ, പദപ്രശ്നങ്ങൾ, ക്വിസ് ചോദ്യങ്ങൾ എന്നിവ ആഴ്ചയിൽ കുട്ടികൾക്ക് നൽകി ഉത്തരം കണ്ടെത്തി വരെ

(2) രൂപങ്ങൾ, അളവുകൾ, തൂക്കങ്ങൾ എന്നിവ ബോധ്യപ്പെടാനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കൽ

(3) ഗണിത കളികൾ

2 അറിയാം പഠിക്കാം

~~[illegible]~~

(1) ബാങ്കിലെ ഗണിതം — ക്ലാസിലെ ബാങ്ക് തുറക്കൽ / ബാങ്ക് സന്ദർശനം

(2) അടുക്കളയിലെ ഗണിതം — കണ്ടെത്തൽ വിവരശേഖരണം.

# ഗണിതലാബ്

ഗണിതപഠനത്തെ വിപുലമാക്കാനുള്ള വൈവിധ്യമാർന്ന പഠനസാമഗ്രികൾ സജ്ജീകരിച്ച് കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്ത് പഠിക്കാവുന്ന തരത്തിൽ ഗണിതലാബ് തയ്യാറാക്കുക

- ചാർട്ടുകൾ
- അളവുപാത്രങ്ങൾ
- ഈക്കട്ടികൾ, ഡൈസ്
- പദപ്രശ്നങ്ങൾ
- ജ്യാമിതീയ രൂപങ്ങൾ
- ഗണിതശാസ്ത്രജ്ഞരുടെ ചിത്രം, കുറിപ്പുകൾ
- പതിപ്പുകൾ
- ഗണിതതത്ത്വങ്ങൾ വിശദമാക്കുന്ന ഉപകരണങ്ങൾ

3 കച്ചവടത്തിലെ ഗണിതം — കട സന്ദർശനം

## കണ്ടെത്താം പഠിക്കാം (~~ക്ഷേ~~ പരിസരപഠനം)

മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കാനും സംരക്ഷിക്കാനും പരിസ്ഥിതി സൗഹാർദപരമായ ബോധവും, മാലിന്യ നിർമാർജന ബോധനവും കൂടി കുട്ടികളിൽ ശാസ്ത്രപഠനത്തിലൂടെ ഉണ്ടാക്കേണ്ടതുണ്ട്. അടിസ്ഥാനശേഷി വികാസങ്ങളോടൊപ്പം ശാസ്ത്രീയ മനോഭാവം വളർത്താനുതകുന്ന പ്രവർത്തനങ്ങളും വിദ്യാലയത്തിൽ അനിവാര്യമാണ്.

### ലക്ഷ്യങ്ങൾ

(1) ചുറ്റുപാടിനെ നിരീക്ഷിക്കുവാനും സവിശേഷതകൾ കണ്ടെത്തി രേഖപ്പെടുത്തുവാനും അവസരം ലഭ്യമാക്കുക

(2) പരിസ്ഥിതി സംരക്ഷണം, മാലിന്യനിർമാർജനം എന്നിവയിൽ അവബോധവും താൽപര്യവും ഉണ്ടാക്കിയെടുക്കുക.

(3) ശാസ്ത്രീയ പഠനത്തിനും പ്രയോഗത്തിനും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടു

## പ്രവർത്തനങ്ങൾ

### (1) അറിയാം പഠിക്കാം

- വിദ്യാലയ പരിസരത്തുള്ള വൃക്ഷ, വയൽ, കുന്ന്, കണ്ടൽവനം ഇടങ്ങിയവ സന്ദർശിച്ച് ജൈവവൈവിധ്യം, സവിശേഷതകൾ ഇടങ്ങിയവ കണ്ടെത്തി രേഖപ്പെടുത്തൽ.
- സ്കൂൾ, വീട് എന്നിവയുടെ പരിസരം നിരീക്ഷിച്ച് സസ്യജാലങ്ങൾ, ജീവജാലങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തുക.

### (2) ഔഷധോദ്യാനം

ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങൾ ശേഖരിച്ച് സ്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ നട്ടുവളർത്തുക. അവയുടെ പ്രത്യേകതകൾ ഉപയോഗം ഇടങ്ങിയവ രേഖപ്പെടുത്തുക

### (3) എന്റെ ശാസ്ത്രലാബ്

ശാസ്ത്രീയമായ പഠനത്തിന്റെ പ്രയോഗത്തിനും അവസരം ലഭിക്കുന്ന വിധത്തിൽ പരീക്ഷണ നിരീക്ഷണ ഉപകരണങ്ങൾ സജ്ജീകരിച്ച് കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്യാനുള്ള അവസരം സംഘടിപ്പിക്കൽ

(4) ശാസ്ത്രമാസിക

ശാസ്ത്രവാർത്തകൾ, നിരീക്ഷണ പരീക്ഷണക്കുറിപ്പുകൾ, ശാസ്ത്രകാരൻമാരെക്കുറിച്ചുള്ള വിവരങ്ങൾ, സസ്യജന്തുജാലങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കൽ.

(5) ഹരിതവീഥി

– വീട്ടിലും വിദ്യാലയത്തിലും ഹരിതജീവിതം – പരിസ്ഥിതി സൗഹാർദ്ദാന്തരീക്ഷം നിലനിർത്താനുള്ള മനോഭാവം വളർത്തൽ.

'ഹരിതസേനകൾ'

– പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ വീട്ടിലും വിദ്യാലയത്തിലും തയ്യാറാക്കി സംരക്ഷിക്കാനുള്ള പ്രവർത്തനം

(6) ചരിത്രസ്മൃതികളിലൂടെ

സമീപസ്ഥലങ്ങളിലെ ചരിത്രപ്രാധാന്യമായ ഇടങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തി പഠനക്കുറിപ്പുകൾ തയ്യാറാക്കൽ

– പര്യടനങ്ങൾ പഴശ്ശിരാജ മ്യൂസിയം

etc.

# പ്രവൃത്തി പരിചയം

നിത്യജീവിതത്തിൽ കുട്ടിക്കും സമൂഹത്തിനും ആവശ്യമായ അടിസ്ഥാനജീവിതശൈലികളുമായി ബന്ധപ്പെട്ടതും കുട്ടിയുടെ സമഗ്ര വികാസത്തിന് ഉതകുന്നതുമായ പ്രവർത്തനങ്ങളാണ് പ്രവൃത്തിപരിചയപഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പാഠമേഖലകൾ.

## ലക്ഷ്യങ്ങൾ

പ്രവൃത്തി പഠനത്തിലൂടെ മാനവശേഷി വികാസം, അസംസ്കൃതവസ്തുക്കൾ, ഉപകരണങ്ങൾ ഇടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവുകൾ നേടുന്നതിലൂടെ മെച്ചപ്പെട്ട തൊഴിൽ സംസ്കാരവും അതുവഴി മാനസികോല്ലാസവും കുട്ടികളിൽ വളർത്തിയെടുക്കുന്നു

## പ്രവർത്തനങ്ങൾ

1. ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
   - ആശംസകാർഡ്
   - നക്ഷത്രങ്ങൾ
   - പൂക്കൾ, മാലകൾ, തോരണങ്ങൾ

2 ഭക്ഷണസാധനങ്ങൾ നിർമ്മിക്കൽ

(1) ഫ്രൂട്ട് സാലഡ്

(2) പാനീയങ്ങൾ

(3) ഉപ്പിലിട്ടത്

(4) സാലഡ്

3 മറ്റ് പ്രവർത്തനങ്ങൾ

1 ഫാബ്രിക് പെയിന്റിംഗ്

2 വെള്ളിറയിൽ പെയിന്റിംഗ്

3 പേപ്പർ ബാഗ് നിർമ്മാണം

4 കവർ നിർമ്മാണം

5 കടലാസു പൂക്കൾ / മറ്റു വസ്തുക്കൾ

## കലാവിദ്യാഭ്യാസം

പഠനത്തോടൊപ്പം കുട്ടികളിൽ കലാഭിരുചിയും സൗന്ദര്യബോധവും വളർത്താനുതകുന്ന സന്ദർഭങ്ങൾ കുട്ടി ലഭ്യമാക്കിക്കൊണ്ട് സർഗാത്മകമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ അവരെ പ്രാപ്തരാക്കാൻ കലാവിദ്യാഭ്യാസത്തിലൂടെ കഴിയും.

## ലക്ഷ്യങ്ങൾ

കുട്ടികളിൽ സഹൃദയത്വവും സൗന്ദര്യബോധവും കലാസ്വാദന ഔത്സുക്യവും വളർത്തുന്ന പരിപാടികളിലൂടെ അവരെ ഉത്തമ പൗരന്മാരാക്കി മാറ്റുക.

(1) സ്കൂൾ ഗായകസംഘം രൂപീകരിക്കൽ

- പ്രാർത്ഥന, ദേശീയഗാനം തുടങ്ങിയവ ചൊല്ലൽ
- വിശേഷദിവസങ്ങളിൽ പാട്ടുകൾ അവതരിപ്പിക്കൽ
- പാഠപുസ്തകത്തിലെ കവിതകൾ ഈണം നൽകി അവതരിപ്പിക്കൽ
- സർഗവേള/ബാലസഭ തുടങ്ങിയവയിൽ പാട്ടുകൾ അവതരിപ്പിക്കൽ.

(2) ചിത്ര വിചിത്രം

- ദിനാചരണങ്ങളിലും മറ്റും ചിത്രംവരയ്ക്കുക പതിപ്പ് നിർമ്മിക്കുക.

(3) നൃത്തപാഠം

വാർഷികാഘോഷവേളയിലും മറ്റും അവതരിപ്പിക്കാനുള്ള നൃത്തങ്ങൾ സ്വയം പഠിക്കുക.

# കായിക പരിശീലനം

കുട്ടികളുടെ ആരോഗ്യപരമായ സുസ്ഥിതിക്ക് കായിക പരിശീലനങ്ങൾ അനിവാര്യമാണ്. കളിയെന്നത് ഏറ്റവും നല്ല വ്യായാമമാണ്. കുട്ടികളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതി വളർത്തുന്നതിനും മാനസികോല്ലാസത്തിനും കായികമായ പരിശീലന സന്ദർഭങ്ങൾ സൃഷ്ടിക്കുക.

-നേതൃത്വം വർദ്ധിപ്പിക്കുക

പ്രവർത്തനങ്ങൾ

1 മാസ്ഡ്രിൽ

– എല്ലാ വ്യാഴാഴ്ചയും 3.30 മുതൽ 4 മണിവരെ കുട്ടികളെ അസംബിൾ ചെയ്ത് ലഘുവായ ഡ്രില്ലുകൾ ചെയ്യിക്കുക.

– വിവിധ ഗെയിമുകൾ, റെയിസുകൾ എന്നിവ പരിശീലിപ്പിക്കുക.

2. Zoomba Dance

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല / സാമ്പത്തികം |
|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ (അക്ഷരമധുരം) | 1 പഠനത്തിൽ കണ്ടെത്തുവാൻ 2,3,4 ക്ലാസ്സുകളിൽ പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് വിദ്യാർത്ഥികളും പരിമിതികളും കണ്ടെത്തുന്നു.<br>2. അക്ഷരം ഉറപ്പിക്കൽ<br>3. പദനിർമാണം<br>4 അക്ഷരകാർഡ്<br>5. ചിത്രം നോക്കി കഥ പറയൽ<br>6. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്.<br>7 ചിത്രം അടിക്കുറിപ്പ്<br>8. കഥ ബാക്കി എഴുതൽ | ജൂൺ മുതൽ | മലയാളം ടീച്ചർ<br>BRC<br>PTA Dept. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ സാമ്പത്തികം |
|---|---|---|---|
| | 9. കഥാപുസ്തകം നൽകൽ<br>10. അന്ത്യപ്പാട്ട്, വേണിപ്പാട്ടിൽ<br>11 പോസ്റ്റർ രചന, കഥാപാത്തിൽ<br>12 ലഘുവിവരണം, കടങ്കഥ, കവിതകൾ, ചുമർപത്രിക | | ക്ലാസ് ടീച്ചർ SRG |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1 ക്ലാസ് വായനക്കൂട്ടം, വായനാമൂല<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>5 സമീപഗ്രന്ഥശാല അംഗത്വം<br>6 പുസ്തകചർച്ച, പത്രവായന<br>7 അമ്മ വായന<br>8 ജന്മദിന പുസ്തകം | ജൂൺ 9 ന് | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല സാമ്പത്തികം |
| --- | --- | --- | --- |
| | 1.ആകാശവാണികൾ, ദിനാചരണങ്ങൾ സ്കൂൾ ബാലസഭ, വായനാസാമഗ്രിക ൾ വികസിപ്പിക്കൽ | ജൂൺ മുതൽ | |
| 3 മലയാളഭാഷയിൽ പിന്നാക്കം നിൽക്കു ന്ന കുട്ടികളെ പരി പോഷിപ്പിക്കാൻ ഓരോ ക്ലാസിലും ഓ രോ പദ്ധതികൾ | (1) പുസ്തകം, വായന<br>(2) പ്രത്യേകം തയ്യാറാക്കിയ വ്യക് തിഗത മാസ്റ്റർ പ്ലാൻ അനുസരി ച്ച് ക്ലാസുകൾ നൽകുന്നു. | ജൂലൈ മുതൽ | SRG |
| 4 കുട്ടിയെ മികച്ച എഴുത്തുകാരാക്കുക | (1) പുസ്തകക്കൂട്ട് ശേഖരണം<br>(2) പുസ്തകച്ചർച്ച<br>(3) ക്ലാസ് ലൈബ്രറി<br>(4) വായനാക്കുറിപ്പ്, ആസ്വാദന ക്കുറിപ്പ്<br>(5) സർഗ്ഗരചന | | എല്ലാ അധ്യാപകരും |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/സാമ്പത്തികം |
|---|---|---|---|
| | 6 [illegible], മാസിക, ചുവർപത്രിക പതിപ്പ്<br>7 രചയിതാക്കളെ പരിചയപ്പെടൽ (അസംബ്ലിയിൽ)<br>8 സാഹിത്യസാംസ്കാരിക ചിത്രഗ്യാലറികൾ സന്ദർശിക്കൽ | | |
| 5 നല്ലെഴുത്ത് | (1) കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടൽ<br>(2) ഓരോ കുട്ടിക്കും വർക്ക്ഷീറ്റുകളും ബോർഡുകളും നൽകി പരിശീലനം നൽകൽ<br>(3) നന്നായി എഴുതുന്ന കുട്ടികളെ കണ്ടെത്താനായി കയ്യെഴുത്ത് മത്സരം നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യൽ | ജൂലൈ മുതൽ | എല്ലാ അധ്യാപകരും |

മേഖല : അക്കാദമികം　　　　ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല / സാമ്പത്തികം |
|---|---|---|---|
| (1) ഇംഗ്ലീഷ് പഠനത്തിൽ താത്പര്യമുള്ളവരാക്കുക | 1. ഇംഗ്ലീഷ് പഠനത്തിൽ താത്പര്യമുണർത്താൻ ഇംഗ്ലീഷ് story, Rhymes, Description എന്നിവ കുട്ടികളായി ക്ലാസിൽ അവതരിപ്പിക്കുക<br>2. കളികളിലൂടെയുള്ള ഇംഗ്ലീഷ് പഠനം | ജൂലൈ മുതൽ ദീർഘകാലം | എല്ലാ അധ്യാപകരും |
| (2) ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക<br>3. ഇംഗ്ലീഷിൽ ആത്മവിശ്വാസം വളർത്തുക | 2. ഇംഗ്ലീഷ് സിനിമ, നഴ്സറി ഗാനങ്ങളുടെ അനിമേഷൻ വീഡിയോ, ഇംഗ്ലീഷിലെ ചെറിയ ഗെയിമുകൾ<br>3 എല്ലാ ആഴ്ചകളിലും ഇംഗ്ലീഷ് ഡേ ആചരിക്കുക<br>4 ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക<br>5 ചിത്രവായനയും വിവരണം തയ്യാറാക്കലും. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ/ചുമതല |
|---|---|---|---|
| | ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | | |
| | | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല / സാമ്പത്തികം |
|---|---|---|---|
| 1) ശാസ്ത്രപഠനത്തിനും പ്രയോഗത്തിനും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | 1) സയൻസ് ക്ലബ് പ്രവർത്തനങ്ങൾ<br>2. ശാസ്ത്രജ്ഞന്മാർ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ അവതരണം. പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ.<br>2) ശാസ്ത്രമേളകളിൽ പങ്കെടുക്കുന്നതിനുള്ള അവസരങ്ങൾ നൽകുക. പ്രോത്സാഹിപ്പിക്കുക.<br>3) സ്കൂൾ തല സയൻസ് മേളകൾ | ജൂൺ മുതൽ ദീർഘകാലം | ശാസ്ത്ര അധ്യാപകരും |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം/സമയബന്ധിതം |
|---|---|---|---|
| | 4. ഉണർവ് ശാസ്ത്രലാബ് പരിസരപഠനത്തിലെ പരീക്ഷണങ്ങൾ നടത്താനാവശ്യമായ സാമഗ്രികൾ സജ്ജമാക്കൽ, പരീക്ഷണസാമഗ്രികളുടെ പട്ടിക നിർമ്മാണം | എല്ലാ അധ്യാപകരും | ജൂലൈ മുതൽ |
| | 5. ദിനാചരണങ്ങൾ ദിനാചരണങ്ങളോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം, പതിപ്പ് നിർമ്മാണം, സി.ഡി പ്രദർശനം, ക്വിസ് മത്സരം<br>5 നാടിനെ അറിയാം<br>സ്വന്തം വാർഡ്, പഞ്ചായത്ത് | PTA, അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം |
|---|---|---|---|
| | എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്നു.<br>സ്വന്തം ജില്ലയുടെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. വിവരശേഖരണം നടത്തുന്നു. പതിപ്പാക്കുന്നു.<br>ഇക്കോ ക്ലബ് - ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക | എല്ലാ അധ്യാപകരും | ജൂലൈ മുതൽ |
| ചരിത്രപഠനത്തിൽ താത്പര്യമുണർത്തുക | 1. പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>2. ശാസ്ത്രദിനം ആചരിപ്പിക്കുന്നു.<br>3. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട വീരകഥകൾ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ സാമ്പത്തികം |
|---|---|---|---|
| | പറഞ്ഞു കൊടുക്കുന്നു.<br>4. സ്വാതന്ത്ര്യസമരസേനാനികളെ പരിചയപ്പെടുത്തുന്നു.<br>5. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ പരിചയപ്പെടുത്തുന്നു.<br>4. വിവിധ ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂലൈ മുതൽ | എല്ലാ അധ്യാപകരും. |
| ജനാധിപത്യസംസ്കാരം വളർത്തിയെടുക്കുക | 1. വിവിധ സർക്കാർ സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും പരിചയപ്പെടുത്തുന്നു.<br>2. കുട്ടികളുടെ അവകാശങ്ങളും കടമകളും അതുപോലെ മുതിർന്ന പൗരന്മാരുടെ അവകാശങ്ങളും കടമകളും പരി | | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ സാമഗ്രികൾ |
|---|---|---|---|
| | പരിചയപ്പെടുത്തുന്നു. | | |
| 3. കേരളം, ഇന്ത്യ പരിചയപ്പെടുന്നു | 1. മാപ്പ് നോക്കി കേരളം, ഇന്ത്യ എന്നിവയെ പരിചയപ്പെടുത്തുന്നു.<br>2. കറന്റ് അഫേഴ്സ് പരിചയപ്പെടുത്തുന്നു.<br>3. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | ~~[illegible]~~ ജൂൺ മുതൽ | SRG അധ്യാപകർ |

അക്കാദമികം

മേഖല : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല/ സ്ഥാനത്ത് |
|---|---|---|---|
| 1 ഗണിതപഠനത്തിൽ താത്പര്യം ഉളവാക്കൽ / ഗണിത പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. പഠനില കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.<br>3. പഠനോപകരണങ്ങൾ / ഗണിതക്വിസ്, ഗണിതപസിലുകൾ എന്നിവ പ്രദർശിപ്പിച്ച് ഉത്തരം കണ്ടെത്തൽ<br>4. ഗണിതലാബ് സജ്ജീകരിച്ച് കുട്ടികൾ സ്വയം കൈകാര്യം ചെയ്ത് പഠിക്കുന്നു. | ജൂൺ മുതൽ ദീർഘകാലം | എല്ലാ അധ്യാപകരും. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല/ സാമ്പത്തികം |
|---|---|---|---|
| 2. ചതുഷ്ക്രിയകൾ മന:ക്കണക്കുകൾ എന്നിവയിൽശേഷി വളർത്താനുള്ള സന്ദർഭങ്ങൾ | 1. ഗണിതം മധുരം എന്ന പ്രവർത്തനപദ്ധതികൾ ചെയ്യുന്നു.<br>2. അസംബ്ലിയിൽ മന:ക്കണക്ക് ചോദിക്കുന്നു.<br>3. പഠനസാമഗ്രികൾ ശില്പശാല<br>4 സംഖ്യാബോധവും ഗണിതക്രിയകളും ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ – സംഖ്യാചക്രം, സംഖ്യാവ്യാഖ്യാനം, പാറ്റേണുകൾ, സംഖ്യാറിബൺ, സംഖ്യാകാർഡുകൾ, സ്ഥാനവില പോക്കറ്റ്, അബാക്കസ്, സംഖ്യാഗാനങ്ങൾ | ജൂൺ മുതൽ ദീർഘകാലം | എല്ലാ അധ്യാപകരും. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഉത്തരവാദിത്തം |
|---|---|---|---|
| | ഗണിത വസ്തുക്കളുപയോഗിച്ചുള്ള കളികൾ<br>5. കളികളിലൂടെയുള്ള ഗണിത പഠനം (ഉദാ: പാമ്പും കോണിയും, ഇൻജിൻ കളി, ലൂഡോ)<br>6. ഗണിത മാഗസിൻ<br>7. ഒറിഗാമി, ടാൻഗ്രാം എന്നിവയുടെ നിർമ്മാണം<br>ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ | എല്ലാ അധ്യാപകരും |
| 3 ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുക | 1. ഗണിത ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തി കൊണ്ട് ആചരിക്കൽ | | |

വേല അഭ്യാദവികം

ഉപവേല : ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ സാമ്പത്തികം |
| --- | --- | --- | --- |
| 1 കുട്ടികൾക്ക് നിർഭയമായും സ്വാതന്ത്ര്യമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരമൊരുക്കൽ | 1. കുട്ടികൾക്കും അധ്യാപികയ്ക്കും കമ്പ്യൂട്ടർ പരിചയം<br>2. ടൈപ്പിങ്ങിൽ പരിശീലനം<br>3. ഫോൾഡറുകൾ നിർമ്മിച്ച് ആവശ്യമുള്ള ഫയലുകൾ സേവ് ചെയ്യുക.<br>4 പെയിന്റിങ് സോഫ്റ്റ് വെയറിൽ പരിശീലനം<br>5. ഉബണ്ടു ഗെയിംസ്. | ജൂലൈ<br>ജൂൺ | എല്ലാ അധ്യാപകരും |

ജോലി അക്കാദമികം

പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല/ |
|---|---|---|---|
| 1 പ്രവൃത്തിപരിചയ പരിശീലനം | 1 തയ്യാറായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി വിപണി ഉത്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. | ജൂലൈ മുതൽ | എല്ലാ അധ്യാപകരും. |
| 2 നിർമ്മാണാത്മക ചിന്തകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | 2 പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു<br>3 വ്യത്യസ്ത വലിപ്പത്തിലുള്ള കവറുകൾ, തുണിബാഗുകൾ എന്നിവ നിർമ്മിക്കാൻ പരിശീലിക്കുന്നു | | |
| 3 സർഗാത്മക. | 4 പേപ്പർ പ്ലേറ്റുകൾ ഒറിഗാമി പാവനിർമ്മാണം. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ സാമ്പത്തികം |
|---|---|---|---|
| 3. പാഴ്‌വസ്തുക്കളിൽ നിന്ന് ഉത്പന്നങ്ങളുണ്ടാക്കുക<br><br>4. വിവിധ മത്സരങ്ങളിൽ പങ്കാളിത്തം ഉറപ്പ് വരുത്തുക | പാഴ്‌വസ്തുക്കളുപയോഗിച്ച് ചവിട്ടിയും കരകൗശല വസ്തുക്കളും, വെജിറ്റബിൾ പ്രിന്റിംഗ് | | |

മേഖല അക്കാദമികം ഉപമേഖല ആരോഗ്യകായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ സാമ്പത്തികം |
|---|---|---|---|
| 1 എല്ലാ കുട്ടികളിലും ആരോഗ്യശീലങ്ങൾ വളർത്തുക<br><br>2. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരമൊരുക്കുക | (1) പി.റ്റി പിരിയഡും അസംബ്ലിയും മാസ്‌ഡ്രിൽ പ്രാക്ടീസ്, പിടിക്ക് പരിശീലനം<br>2 വ്യായാമത്തിനുപകരിക്കുന്ന വിവിധതരം ചെറുകളികൾ<br>3. അത്‌ലറ്റിക്സിൽ പരിശീലനം<br>4 യോഗാസന പരിശീലനം<br>5. ആരോഗ്യകേന്ദ്രവുമായിസഹകരിച്ച് ശുചിത്വവും ആരോഗ്യവും എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിക്കുന്നു<br>6 Zumba dance പരിശീലനം. | ജൂൺ മുതൽ | എല്ലാ അധ്യാപകരും/ PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക ചുമതല |
| --- | --- | --- | --- |
| | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസ്.<br>- കുട്ടികൾക്ക് Good touch, Bad touch എന്നിവ മനസിലാക്കി കൊടുക്കുന്നു<br>- ആരോഗ്യ ശീലങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, ചാർട്ടുകൾ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ മുതൽ | |

മേഖല അക്കാദമികം — കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക/ ചുമതല |
| --- | --- | --- | --- |
| 1 കുട്ടികളിൽ സഹൃദയത്വവും സൗന്ദര്യബോധവും കലാസ്വാദനവും വളർത്തുക. | നാടൻപാട്ട്, മികച്ച കലാകാരന്മാരുടെ ക്ലാസ്, ക്ലാസ് മുറികളിൽ ചിത്രരചന, നൃത്തം, പാട്ട് തുടങ്ങിയവയ്ക്കുള്ള അവസരം നൽകൽ. | ജൂൺ മുതൽ ആഴ്ചയിൽ 2 ദിവസം | എല്ലാ അധ്യാപകരും. |
| 2 വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാനുള്ള പരിശീലനം നൽകുക | കലാമേളയ്ക്ക് നൃത്തത്തിലും ഉപകരണസംഗീതത്തിലും മറ്റും താത്പര്യമുള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | | |

# ഉപസംഹാരം

ജി.എൽ.പി.എസ് മാങ്കാവ് സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയത്തിലൂന്നി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിലൂന്നിയ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.